ഉത്തരം.

(എ) 20–8–1960–ന ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കേണ്ടതില്ലെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആ തീയ്യതിക്കുശേഷം കിട്ടിയിട്ടുള്ള അപേക്ഷകളെ സംബന്ധിച്ച് ശരിയായ കണക്ക വച്ചിട്ടില്ല.

(ബി, സി) എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഭൂമി പതിച്ചുകിട്ടുന്നതിനുള്ള അപേക്ഷ.

142. [10] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്കിൽ 1960–ന ശേഷം ഭൂമി പതിച്ചുകിട്ടുന്നതിനു് ഓരോ പകുതിയിൽനിന്നും എത്രപേർ അപേക്ഷിച്ചിരുന്നു ;

(ബി) അതിൽ ഓരോപകുതിയിലും എത്ര അപേക്ഷകർക്ക് ഭൂമി പതിച്ചുകൊടുക്കാൻ തീരുമാനിച്ചു;

(സി) ബാക്കിയുള്ളവ എന്നു പതിച്ചുകൊടുക്കുവാൻ തീരുമാനമുണ്ടാകും;

(ഡി) കുളക്കട വില്ലേജിൽ എത്രപേർക്ക് പതിച്ചുകൊടുത്തു ;

(ഈ) കുളക്കട വില്ലേജിൽ എത്ര അപേക്ഷകൾ പരിഗണിച്ച് ഭൂമി പതിച്ചുകൊടുക്കുവാനുണ്ട് ?

ഉത്തരം.

(എ) 20-8-1960–നു് ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കേണ്ടതില്ലെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആ തീയ്യതിക്കുശേഷം കിട്ടിയിട്ടുള്ള അപേക്ഷകളെ സംബന്ധിച്ച് ശരിയായി കണക്കുവച്ചിട്ടില്ല.

(ബി, സി) എ–യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി, ഈ) നിലവിലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ 20–8–1960–നു് ശേഷം കിട്ടിയ അപേക്ഷകൾ പരിഗണിച്ചിട്ടില്ല.

ഭൂമി പതിച്ചുകിട്ടുന്നതിനുള്ള അപേക്ഷ.

143. [11] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനാപുരം താലൂക്കിൽ ഓരോ വില്ലേജിൽനിന്നും 1960–ന ശേഷം ഭൂമി പതിച്ചുകിട്ടുന്നതിനു് എത്രപേർ അപേക്ഷിച്ചു ;

(ബി) അതിൽ എത്രപേർക്ക് ഭൂമി പതിച്ചുകൊടുക്കാൻ തീരുമാനിച്ചു;

(സി) ബാക്കി അപേക്ഷകൾ പരിഗണനയിലെടുക്കാൻ എത്ര കാലതാമസം വേണ്ടിവരും ?

ഉത്തരം.

(എ) 20–8–1960–നു് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കേണ്ടതില്ലെന്നുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആ തീയ്യതിക്കുശേഷം കിട്ടിയിട്ടുള്ള അപേക്ഷകളെ സംബന്ധിച്ച് ശരിയായി കണക്കുവച്ചിട്ടില്ല.

(ബി, സി) എ–യ്ക്ക് നൽകിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly